പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1564 — 04.12.2018- ൽ മറുപടിയ്ക്ക്

## കുട്ടനാട്ടിലെ കൃഷി പ്രദേശങ്ങളിൽ വെള്ളം വറ്റിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം<br>ശ്രീ.തോമസ് ചാണ്ടി | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) പ്രളയാനന്തരം മറ്റ് പ്രദേശങ്ങളിൽ വെള്ളം ഇറങ്ങിയിട്ടും കുട്ടനാടൻ പ്രദേശങ്ങളിൽ, പ്രത്യേകിച്ച് കൃഷി ഭൂമികളിൽ ഇറങ്ങാതെ നിന്ന വെള്ളം വറ്റിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) പ്രളയാനന്തരം വെള്ളം ഇറങ്ങാതെ നിന്ന സ്ഥലങ്ങളിൽ ജലസേചന വകുപ്പിന്റെ പമ്പുകൾ, പാടശേഖര ങ്ങളിലെ പമ്പുകൾ, വാടകയ്ക്കെടുത്ത പമ്പുകൾ എന്നിവ ഉപയോഗിച്ച് വെള്ളം വറ്റിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. |
| (ബി) ഇനിയൊരു വെള്ളപ്പൊക്കം ഉണ്ടായാൽ കുട്ടനാടിലെ കൃഷിയെ രക്ഷിക്കുവാൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) നിലവിലുള്ള ബണ്ടുകൾ ബലപ്പെടുത്തി ഉയരം കൂട്ടിയും പാടശേഖരങ്ങളിൽ സ്ലൂയിസ് നിർമ്മിച്ചും വെള്ളപ്പൊക്കം നിയന്ത്രിക്കാൻ സാധിക്കും. കുട്ടനാട് മേഖലയിലെ പുളിങ്കുന്ന്, വിയ്യാപുരം, കാവാലം എന്നീ പഞ്ചായത്തുകളിലെ 4 പാട ശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 5.50 കോടി രൂപയുടെ പദ്ധതി RIDF-XXIV-ൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്.<br>കുട്ടനാടിന്റെ സമഗ്ര വികസനം മുന്നിൽ കണ്ടുകൊണ്ട് കുട്ടനാട് പാക്കേജിന്റെ രണ്ടാം ഘട്ട പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും പ്രൊജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ ചെയർമാനായി ഒരു ഒൻപതംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

Sumathi

സെക്ഷൻ ഓഫീസർ